പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3309

08-11-2019-ൽ മറുപടിക്ക്

**കൈപ്പാട് കൃഷി**

**ചോദ്യം**

**ശ്രീ.ടി.വി. രാജേഷ്**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന്, കണ്ണപുരം, ഏഴോം, പട്ടുവം ഗ്രാമപഞ്ചായത്തുകളിൽ കൈപ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി നബാർഡിൽനിന്നും ലഭ്യമാക്കിയ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ നിർമ്മാണപുരോഗതി അറിയിക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ കൈപ്പാട് നില വികസന പ്രവർത്തികൾക്ക് ചെറുകുന്ന്, കണ്ണപുരം, ഏഴോം, പട്ടുവം എന്നീ 4 പഞ്ചായത്തുകളിൽ 1023.51 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറുകുന്ന് പഞ്ചായത്തിലെ പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ട്. കണ്ണപുരം പഞ്ചായത്തിലെ പ്രവർത്തി പൂർത്തീകരണ ഘട്ടത്തിലാണ്. പട്ടുവം പഞ്ചായത്തിൽ അരിയിൽ പാടശേഖരത്തിന്റെ പുറം ബണ്ടിന്റെ നിർമ്മാണം 800 മീറ്റർ പൂർത്തിയാക്കിയിട്ടുണ്ട്. സ്ലൂയിസ്സുകളുടെ തോടിന്റെ ആഴം കൂട്ടൽ, പറന്തർ പാടശേഖരത്തിന്റെ പുറം തോടിന്റെ നിർമ്മാണം എന്നീ പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. ഏഴോം പഞ്ചായത്തിലെ പ്രവൃത്തികൾ സ്ഥലം ഉടമയുമായുള്ള തർക്കം കാരണം കോടതിയുടെ പരിഗണനയിലായതിനാൽ കാലതാമസമുണ്ടായിട്ടുണ്ട്. എന്നാൽ ടി പദ്ധതിയിൽ ഉൾപ്പെട്ട ഇടബണ്ടിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കൈപ്പാട് മേഖലകളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | തരിശ് രഹിത കൈപ്പാട് എന്ന പേരിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് 70 ലക്ഷം രൂപ വകയിരുത്തി ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിച്ചിട്ടുണ്ട്.<br>1) ഏഴോം കൃഷി ഭവൻ പരിധിയിലെ ചെങ്കൽ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 6,13,204/- രൂപ<br>2) പട്ടുവം കൃഷിഭവൻ പരിധിയിലെ കയ്യം പറന്തൽ |

| | | | |
|---|---|---|---|
| | | | പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 12,22,569/- രൂപ<br>3) ചെറുകന്ന് കൃഷിഭവൻ പരിധിയിലെ ഒദയംമാടം കൈപ്പാട് പാശേഖരത്തിലെ തോട് ആഴം കൂട്ടൽ - 10,30,893/- രൂപ<br>ചെറുകന്ന് പഞ്ചായത്തിലെ തെങ്ങിക്കണ്ടി മുതൽ മുട്ടിൽ അണക്കെട്ട് വരെയുള്ള ബണ്ടിന്റെയും സ്ലുയിസ്സുകളുടെയും നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ 'Rebuild Kerala Initiative' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ